# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 6679** — **04.04.2018-ൽ മറുപടിക്ക്**

## സ്കൂൾ വിദ്യാഭ്യാസത്തിനോടൊപ്പം തൊഴിലധിഷ്ഠിത കോഴ്സുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.വി.ഡി.സതീശൻ** | | പ്രൊഫ: സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സ്കൂൾ വിദ്യാഭ്യാസത്തിനോടൊപ്പം തൊഴിലധിഷ്ഠിത കോഴ്സുകൾ കൂടി പഠിപ്പിക്കുന്നതിനുള്ള ദേശീയ നൈപുണ്യ പദ്ധതി ഏതൊക്കെ ക്ലാസ്സുകളിലാണ് നടപ്പിലാക്കിയതെന്നറിയിക്കാമോ; | എ | കേരളത്തിലെ സ്കൂളുകളിൽ ദേശീയ നൈപുണ്യ പദ്ധതി നിലവിൽ നടപ്പിലാക്കിയിട്ടില്ല. എന്നാൽ സ്കൂൾ വിദ്യാഭ്യാസത്തിനോടൊപ്പം തൊഴിലധിഷ്ഠിത കോഴ്സുകൾ കൂടി പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2018- 2019 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത സ്കൂളുകളിൽ ദേശീയ തൊഴിൽ നൈപുണ്യ പദ്ധതി (എൻ.എസ്.ക്യൂ.എഫ്) പ്രകാരമുള്ള കോഴ്സുകൾ നടപ്പിലാക്കുന്നതിന് വേണ്ട പ്രാരംഭ പ്രവർത്തനങ്ങൾ വി.എച്ച്.എസ്.സി. ഡയറക്ടറുമായി കൂടി ആലോചിച്ച് സ്വീകരിക്കുന്നതിന് എസ്.സി.ഇ.ആർ.ടി.ഡയറക്ടറെ ചുമതല പ്പെടുത്തിയിട്ടുണ്ട്. |
| ബി) ഇത് സംബന്ധിച്ച പാഠ്യപദ്ധതി തയ്യാറാക്കുന്നതിന് ആരെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നറിയിക്കുമോ; | ബി) | പാഠ്യപദ്ധതി തയ്യാറാക്കുന്നതിന് എസ്.സി.ഇ. ആർ.ടി.യെ ചുമതലപ്പെടുത്തിട്ടുണ്ട്. |
| സി) ഏതൊക്കെ മേഖലയിലെ എത്ര കോഴ്സുകൾക്കാണ് കേന്ദ്ര സഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | സി) | എൻ.എസ്.ക്യൂ.എഫ്. മാനദണ്ഡങ്ങൾ പ്രകാരം നടപ്പിലാക്കുന്ന എല്ലാ കോഴ്സുകൾക്കും കേന്ദ്ര സഹായത്തിന് അർഹത യുണ്ടായിരിക്കുന്നതാണ്. |
| ഡി) ഹയർസെക്കണ്ടറി കഴിഞ്ഞ് ഇത്തരം തൊഴിൽ മേഖലയിൽതന്നെ ഉപരിപഠനത്തിന് ബിരുദ - ബിരുദാനന്തര വിഭാഗങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | ഡി) | ഇല്ല |

സെക്ഷൻ ഓഫീസർ